(ഡി, ഇ) ശ്രീ. രാധാകൃഷ്ണനെ സർവ്വീസിൽ തിരിച്ചെടുത്തുകൊണ്ട് സർക്കാർ ഇതുവരെ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(എഫ്) വിജിലൻസ് റിപ്പോർട്ടിന്റെ രഹസ്യ സ്വഭാവം പരിഗണിച്ച് ഇത് ലഭ്യമാക്കുന്നത് അഭിലഷണീയമാണെന്ന് കരുതുന്നില്ല.

(ജി) വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ മെമ്മോ നൽകുകയും വിശദീകരണം വാങ്ങുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടില്ല.

ടെക്സ്റ്റയിൽ മേഖലയുടെ സമഗ്ര വികസനത്തിന് കണ്ണൂർ ജില്ലയിൽ പദ്ധതി

113 [4887] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്സ്റ്റയിൽ മേഖലയുടെ സമഗ്ര വികസനത്തിന് അവസരമൊരുക്കുന്നതിനായി (ടി.സി.ഐ.ഡി.എസ്.) കണ്ണൂർ ജില്ലയിൽ എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് വേണ്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രോജക്ടിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്. ടെക്സ്റ്റയിൽ സെന്റർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് സ്കീം നടപ്പാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഉണ്ട്. സെന്റർ ഫോർ മാനേജ്മെൻറ് എന്ന സർക്കാർ സ്ഥാപനത്തിന്റെ സഹായത്തോടെ തയ്യാറാക്കിയ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. കേന്ദ്ര സർക്കാരിൽ നിന്നും 20 കോടി രൂപയുടെ ധനസഹായമുൾപ്പെടെ 26.67 കോടി രൂപയുടെ മുതൽ മുടക്കാണ് പദ്ധതിക്ക് പ്രതീക്ഷിക്കുന്നത്. കണ്ണൂർ ജില്ലയിലെ ടെക്സ്റ്റയിൽ വ്യവസായത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുകയെന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്.

(ഡി) കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടങ്ങാമെന്ന് കരുതുന്നു.

കൊല്ലം, കാരംക്കോട് സ്പിന്നിംഗ് മില്ലിന് സർക്കാർ ഗ്യാരന്റി

114 [4888] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മില്ലിനും പുതുപ്പള്ളി മില്ലിനും സർക്കാർ ഗ്യാരന്റി നിന്ന് എൻ.സി.ഡി.സി. സഹായം ലഭ്യമാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ കൊല്ലം, കാരംക്കോട് സ്പിന്നിംഗ് മില്ലിന്റെ നവീകരണത്തിനുവേണ്ടി സർക്കാർ ഗ്യാരന്റി നൽകുമോ?

ഉത്തരം

(എ, ബി) മലബാർ സഹകരണ ടെക്സ്റ്റയിൽസ്-കുറ്റിപ്പുറം, പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽസ്-പുതുപ്പള്ളി എന്നീ മില്ലുകൾക്ക് 25000 കതിരുകളായി ഉയർത്തുന്നതിന് യഥാക്രമം 24.73 കോടി രൂപയുടെയും 31 കോടി രൂപയുടെയും മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന പ്രോജക്ട് റിപ്പോർട്ടുകൾ ധനസഹായത്തിനായി എൻ.സി.ഡി.സി. യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ മലബാർ സഹകരണ ടെക്സ്റ്റയിൽസിന് എൻ.സി.ഡി.സി. വായ്പ അനുവദിച്ച് കിട്ടിയിട്ടുണ്ട്. പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രോജക്ട് റിപ്പോർട്ട് എൻ.സി.ഡി.സി. യുടെ പരിഗണനയിലാണ്. കൊല്ലം, കാരംക്കോട് സ്പിന്നിംഗ് മില്ലിന്റെ നവീകരണത്തിന് എൻ.സി.ഡി.സി. സഹായം ലഭ്യമാക്കുന്ന കാര്യം പരിഗണനയിലാണ്. ഫണ്ട് റിലീസ് ചെയ്യുന്ന വേളയിൽ ആവശ്യമായ സർക്കാർ ഗ്യാരന്റി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

ചെറുകിട റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ

115 [4889] ശ്രീ. എൻ. ശക്തൻ:
ശ്രീമതി മേഴ്സി രവി:
ശ്രീ. കെ. അച്ചുതൻ:
„ ടി. എൻ. പ്രതാപൻ:
„ സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ചെറുകിട റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ചെറുകിട റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾക്ക് കേന്ദ്ര ബഡ്ജറ്റിൽ എക്സൈസ് ഡ്യൂട്ടി പുതുതായി ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ എത്ര ശതമാനം;

(ഡി) ഇതുമൂലം ചെറുകിട റെഡിമെയ്ഡ് യൂണിറ്റുകൾ പ്രതിസന്ധിയിലായിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഭിക്ഷാടനം നിയമംമൂലം നിയന്ത്രിക്കാൻ നടപടി

116 [4890] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly